**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.988 09.08.2017 ൽ മറുപടിയ്ക്ക്**

**ലഹരിമരുന്നുവില്പനയും ഉപഭോഗവും വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.കെ.മുരളീധരൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ലഹരിമരുന്നുവില്പനയും ഉപഭോഗവും വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ലഹരിമരുന്നുവില്പനയും ഉപഭോഗവും വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ സംബന്ധിച്ച് എക്സൈസ് വകുപ്പ് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ മുൻ സർക്കാരിന്റെ മദ്യനയം നിലവിൽ വന്നതിന് ശേഷം ലഹരി വസ്തുക്കളുടെ ഉപയോഗം, കടത്ത്, വിൽപന തുടങ്ങിയവയുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം ലഹരി മരുന്ന് സംഘങ്ങളുടെ പ്രവർത്തനം അടിച്ചമർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു.<br><br>കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുകയും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യത |

| | | | |
|---|---|---|---|
| | | | യുള്ള തിനാൽ റോഡുകളിലും, ദേശീയപാതകളിലും വാഹനപരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. ലഹരി വസ്തുക്കളുടെ വില്പന തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതും സംസ്ഥാനത്തുടനീളം എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്.<br><br>വ്യാജമദ്യം, മയക്ക് മരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./ എം.& റ്റി.പി./ കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതു ജനങ്ങളിൽ നിന്നും ഫോൺ, ഇ-മെയിൽ, വാട്ട്സ്-ആപ്പ്, ഫെയ്സ്-ബുക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ടി പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഈ വർഷം ഇതുവരെ കഞ്ചാവും മറ്റ് ലഹരിപദാർത്ഥങ്ങളും പിടിച്ചെടുക്കുന്നതിന് എത്ര റെയിഡുകൾ നടത്തിയെന്നും ഓരോ മാസവും പിടിച്ചെടുത്ത ലഹരി പദാർത്ഥങ്ങളുടെ അളവെത്രയെന്നും വിശദമാക്കുമോ; | (സി) | ഈ വർഷം ജൂൺ 30 വരെ എക്സൈസ് വകുപ്പ് 68485 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഓരോ മാസവും പിടിച്ചെടുത്ത ലഹരി പദാർത്ഥങ്ങളുടെ അളവ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും വെളിപ്പെടുത്തുമോ? | | ഈ വർഷം ജൂൺ 30 വരെ എക്സൈസ് വകുപ്പ് എൻ.ഡി.പി.എസ്. ആക്ട് പ്രകാരം 2524 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസുകളിൽ 2612 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| Month | Ganja | Ganja Plants | Hashish | Heroin | Brown Sugar | Cocaine | LSD | Opium | MDMA (Crystal) | MDMA (Oil) | Amphetamine | Magic Mushroom | Diazapam | Nitrazepam | Lorazepham | Lithosun | Spasmo Proxyvon | Unnamed Tablets |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | *Kg* | *No.* | *gm* | *gm* | *gm* | *gm* | *gm* | *gm* | *gm* | *gm* | *gm* | *gm* | *Amp* | *Tab* | *Tab* | *Tab* | *Tab* | *Tab* |
| JAN | 62.522 | 198 | 3 | 1.39 | 43.5 | | | | | | | | | 118 | | | 672 | |
| FEB | 93.315 | 13 | 452 | 4.5 | | | | | | | | | | 1114 | | | 168 | 18 |
| MAR | 74.017 | 30 | | | 4.13 | | | 5 | | | | | | 247 | | | | |
| APR | 63.336 | 13 | 205 | 239.65 | 2.1 | 11 | | 9 | 47 | 3 | | 4 | | 967 | | | | |
| MAY | 99.867 | 5 | 24 | 21.4 | 6 | 0.005 | 0.03 | | | | | 35 | 9 | 191 | 3 | 20 | | |
| JUN | 81.843 | 40 | 34 | 104.79 | 2.183 | | | 4775 | | | 21.91 | | | 123 | | | | |